ക്ലാസ്സ്
11

# മതബോധനകേന്ദ്രം
## മാനന്തവാടി രൂപത
First Semester Examination 2026-27

| |
|---|
| ആകെ മാർക്ക് : 80 |
| പാർട്ട് 1 : 60 |
| പാർട്ട് 2 : 20 |
| സമയം : 2 മണിക്കൂർ |

## പാർട്ട് 1

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** **5×1=5**

1. ഈശോയുടെ രൂപാന്തരീകരണം നടന്ന സ്ഥലം?
(ജോർദ്ദാൻ, ജറുസലേം, താബോർ)
2. നന്മ പിന്തുടരാനുള്ള സ്ഥിരതയും ഉറപ്പും എന്താണ്?
(മനഃസ്ഥൈര്യം, വിവേകം, നീതിബോധം)
3. "ചർച്ച് ഓഫ് നേറ്റിവിറ്റി" ഈശോയുടെ ജീവിതത്തിലെ ഏതു സംഭവവുമായി ബന്ധപ്പെട്ടു നിൽക്കുന്നതാണ്?
(ഈശോയുടെ ജ്ഞാനസ്നാനം, ഈശോയുടെ രൂപാന്തരീകരണം, ഈശോ ജനിച്ച സ്ഥലം)
4. രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സഭാ പിതാക്കന്മാരിൽ ഒരാൾ?
(വി. അഗസ്റ്റിൻ, വി. ജസ്റ്റിൻ, വി. ക്ലമെന്റ്)
5. "വിശ്വസിക്കാൻ വേണ്ടി ഞാൻ ഗ്രഹിക്കുന്നു. ഗ്രഹിക്കാൻവേണ്ടി ഞാൻ വിശ്വസിക്കുന്നു." ആരുടെ വാക്കുകൾ?
(വി. അഗസ്റ്റിൻ, വി. അംബ്രോസ്, വി. ഇഗ്നേഷ്യസ്)

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **5×1=5**

6. മൂറോൻ എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം?
7. ക്രിസ്തീയ ജീവിതത്തിന്റെ ആരംഭവും അടിസ്ഥാനവും?
8. ധാർമിക നിയമങ്ങളുടെ പൂർത്തീകരണം ആരിലാണ്?
9. ക്രിസ്തീയ മനഃസാക്ഷിയെ നന്മയിൽ നിലനിർത്തുന്നത്?
10. തെറ്റാണെന്നറിഞ്ഞിട്ടും അത് ചെയ്യുവാൻ പ്രേരിപ്പിക്കുന്ന മനഃസാക്ഷി?

**ഗ്രൂപ്പിൽ പെടാത്തത് എഴുതുക.** **5×1=5**

11. ദൈവസന്നിധിയിൽ മുട്ടുകുത്തുക, ദൈവസന്നിധിയിൽ ശിരസ്സ് നമിക്കുക, ദൈവസന്നിധിയിൽ സാഷ്ടാംഗം പ്രണമിക്കുക, പ്രാർത്ഥനയും ശരീരഭാഷകളും
12. ചരിത്ര രചനകൾ, സ്ഥലങ്ങളും സ്മാരകങ്ങളും, ക്രൈസ്തവ ദേവാലയങ്ങൾ, ഈശോയെക്കുറിച്ചുള്ള ചരിത്രപരമായ തെളിവുകൾ
13. പ്രഭാത പ്രാർത്ഥന, സായാഹ്ന പ്രാർത്ഥന, വിശുദ്ധീകരണ പ്രാർത്ഥന, യാമപ്രാർത്ഥനകൾ
14. അന്ത്യോക്യൻ ആരാധനക്രമം, അലക്സാൻഡ്രിയൻ ആരാധനക്രമം, റോമൻ ആരാധനക്രമം, പൗരസ്ത്യ ആരാധനക്രമങ്ങൾ
15. സ്വാഭാവിക നിയമങ്ങൾ, തിരുസഭയുടെ കല്പനകൾ, കാനൻ നിയമങ്ങൾ, സഭാ നിയമങ്ങൾ

**പേരെഴുതുക.** **3×1=3**

16. ജനുവരി ആറിന് സഭ ആഘോഷിക്കുന്ന തിരുനാൾ?
17. "കുടുംബപ്രാർത്ഥന മുടക്കരുത് " എന്ന് പറഞ്ഞ വിശുദ്ധൻ?
18. സഭ ഔദ്യോഗികമായി വി. ഗ്രന്ഥത്തിന്റെ പുസ്തകങ്ങളുടെ ഗണത്തിൽപ്പെടുത്താത്ത പുസ്തകങ്ങൾ?

**രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക.** **7×2=14**

19. വിശുദ്ധ ഗ്രന്ഥത്തിൽ കാണുന്ന സ്വർഗ്ഗത്തിന്റെ പ്രതീകങ്ങൾ ഏതെങ്കിലും നാലെണ്ണം എഴുതുക.
20. ഈശോയുടെ ചരിത്രപരത അറിയേണ്ടത് എന്തുകൊണ്ട്?
21. മിശിഹായുടെ പ്രേഷിതരെന്ന നിലയിൽ നമ്മുടെ കടമകൾ എന്തൊക്കെയാണ്?
22. മനഃസാക്ഷിയുടെ രൂപീകരണം തെറ്റുന്നതെപ്പോൾ?
23. "ആരാധന" എന്നതുകൊണ്ട് നിങ്ങൾ മനസ്സിലാക്കിയ ആശയം എന്ത്?

24. നിങ്ങൾ ചെയ്യുന്ന ഒരു പ്രവൃത്തി ധാർമ്മികമാകുന്നത് എപ്പോൾ?

25. പുതിയ നിയമത്തിലെ സുവർണ്ണനിയമം എന്നറിയപ്പെടുന്ന തിരുവചനം എഴുതുക.

**മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരം എഴുതുക.** **4×4=16**

26. എന്റെ ജീവിതം ക്രിസ്തീയ ജീവിതമാകണമെങ്കിൽ ഞാൻ അനുവർത്തിക്കേണ്ട ജീവിതശൈലി എന്ത്?

27. കൂദാശാനുകരണങ്ങൾ എന്നാൽ എന്ത്? അവയിലെ ഘടകങ്ങൾ ഏവ?

28. പെസഹാ രഹസ്യം – നിങ്ങൾ എന്ത് മനസ്സിലാക്കുന്നു.

29. എന്തിനു പ്രാർത്ഥിക്കണമെന്ന് വിശദമാക്കുക.

**താരതമ്യകുറിപ്പെഴുതുക** **1×5=5**

30. ക്രിസ്തീയ മനഃസാക്ഷി – ധാർമ്മിക മനഃസാക്ഷി

**വിശദീകരിച്ച് ഉത്തരം എഴുതുക.** **1×7=7**

31. വിശ്വാസം എന്നാൽ എന്ത്? വിശ്വാസത്തിന്റെ സവിശേഷതകൾ വിവരിക്കുക.

## പാർട്ട് 2

**അനുയോജ്യമായവ ചേർത്തെഴുതുക** **4×1=4**

| | | | |
|---|---|---|---|
| 32. | സഭയുടെ ലക്ഷണം | – | സുവിശേഷത്തിന്റെ സംഗ്രഹം |
| 33. | മാർപാപ്പയെ തെരഞ്ഞെടുക്കുന്ന കർദ്ദിനാൾ സംഘം | – | ദൈവാവിഷ്കരണം |
| 34. | രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ | – | സാർവത്രികം |
| 35. | കർത്തൃപ്രാർത്ഥന | – | കോൺക്ലേവ് |

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **3×1=3**

36. 'ഞാൻ വിശ്വസിക്കുന്നു' എന്നർത്ഥമുള്ള ലത്തീൻ പദം ഏത് ?

37. "പ്രാർത്ഥന സ്വർഗ്ഗത്തിലേക്ക് പറന്നുയരുന്നതിനുള്ള ചിറകുകളാണ്." ആരുടെ വാക്കുകൾ?

38. ആദ്യകാല ക്രിസ്ത്യാനികൾ ഉപയോഗിച്ചിരുന്ന ഭൂഗർഭ ആരാധനാലയങ്ങളുടെ പേരെന്ത്?

**ഉത്തരമെഴുതുക.** **3×2=6**

39. മഹിമയുടെ രണ്ടാമത്തെ രഹസ്യം എഴുതുക.

40. ദൈവീക പുണ്യങ്ങൾ ഏതെല്ലാം?

41. റമ്പാൻ പാട്ട് എന്ന കലാരൂപത്തെക്കുറിച്ച് എഴുതുക.

**മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരം എഴുതുക.** **2×3=6**

42. ദൈവജനത്തിന്റെ അനന്യത. വിശദമാക്കുക. (യൂക്കാറ്റ് 125)

43. നാം എന്തിനു മറ്റുള്ളവർക്കുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കണം. (യൂക്കാറ്റ് 487)

**വചനം പൂർത്തിയാക്കാം.** **1**

44. "....., ..... ചെയ്യുന്ന എന്തും ലഭിക്കുമെന്ന് വിശ്വസിക്കുവിൻ. നിങ്ങൾക്ക് ലഭിക്കുകതന്നെ ചെയ്യും." (മർക്കോ. 11:24)